പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ കോഴിക്കോട് - 673020,
ഫോൺ നമ്പർ 0495 2371799, 0495 2371916
E-mail : ddpkzd@gmail.com

ബി3- 1591/19 തിയ്യതി: 11/03/2019

# ക്വട്ടേഷൻ നോട്ടീസ്

കോഴിക്കോട് ജില്ലയിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന ഗ്രാമ പഞ്ചായത്തുകളിൽ കുടിവെള്ള വിതരണത്തിന് ഉപയോഗിക്കുന്ന വാഹനങ്ങളിൽ പ്രതിമാസ വാടകയടിസ്ഥാനത്തിൽ ജി.പി.എസ് സംവിധാനം ഏർപ്പെടുത്തുന്നതിനും അതോടൊപ്പം കുടിവെള്ള വിതരണം മോണിറ്റർ നടത്തുന്നതിന് ഗ്രാമ പഞ്ചായത്ത് ഓഫീസുകളിലും കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലും ജില്ലാ കളക്ടേറ്റിലും സംവിധാനം ഒരുക്കുന്നതിനും തയ്യാറുള്ളതും ഇക്കാര്യത്തിൽ സർക്കാർ അംഗീകാരവും പരിചയമുള്ളവരുമായ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും സീൽ ചെയ്ത കവറുകളിൽ ക്വട്ടേഷനുകൾ ക്ഷണിച്ച്കൊള്ളുന്നു.

ക്വട്ടേഷനുകൾ 15.03.2019 ന് ഉച്ചയ്ക്ക് 2 മണിക്ക് മുമ്പ് കോഴിക്കോട് സിവിൽ സ്റ്റേഷനിലുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ലഭിക്കേണ്ടതും അന്നേ ദിവസം ഉച്ചയ്ക്ക് 3 മണിയ്ക്ക് ഹാജരുള്ളവരുടെ സാനിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതും ഏതെങ്കിലും കാരണവശാൽ അന്നേ ദിവസം ഓഫീസ് അവധിയാകുന്ന പക്ഷം തൊട്ടടുത്ത പ്രവർത്തി ദിവസം നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

**ക്വട്ടേഷനുകൾ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും**

1. ഒരു വാഹനത്തിൽ സംവിധാനം ഒരുക്കികൊടുക്കുന്നതിനുള്ള നിരക്കായിരിക്കും ക്വട്ടേഷനിൽ കാണിക്കേണ്ടത്
2. ജില്ലാ ഓഫീസിലും കളക്ടേറ്റിലും ഗ്രാമ പഞ്ചായത്തുകളിലെ ഓഫീസുകളിലും വാഹനങ്ങളുടെ നീക്കവും മറ്റും മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഇതോടൊപ്പം തന്നെ ക്വട്ടേഷൻ ലഭിക്കുന്ന സ്ഥാപനം/വ്യക്തി ഏർപ്പെടുത്തേണ്ടതാണ്.
3. അംഗീകരിക്കുന്ന ക്വട്ടേഷനുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ ഗ്രാമ പഞ്ചായത്തുകളെ അറിയിക്കുന്നതും ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെ ആവശ്യത്തിനനുസൃതമായി ആ ഗ്രാമ പഞ്ചായത്തുകളുമായി കരാർ വെക്കേണ്ടതും കരാർ തുക ഗ്രാമ പഞ്ചായത്തുകളിൽ നിന്നും കൈപ്പറ്റേണ്ടതുമാണ്.
4. ജി.പി.എസ് സംവിധാനം ഒരുക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ അംഗീകാര പത്രം, ഈ രംഗത്തെ പരിചയം സംബന്ധിച്ച രേഖകൾ എന്നിവ ക്വട്ടേഷനോടൊപ്പം സമർപ്പിക്കാവുന്നതാണ്.
5. ഈ പദ്ധതി സംബന്ധിച്ച് നിലവിലുള്ളതും വരാവുന്നതുമായ സർക്കാർ ഉത്തരവുകളും നിയമങ്ങളും പാലിക്കുന്നതിന് ക്വട്ടേഷൻ സമർപ്പിക്കുന്ന സ്ഥാപനം / വ്യക്തി ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.
6. ഈക്കാര്യം സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ കോഴിക്കോട് സിവിൽ സ്റ്റേഷനിലുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്ന് ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ ലഭിക്കുന്നതാണ്.

(ഒപ്പ്)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
കോഴിക്കോട്

പിവിഎഫ്/01/03